**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2631** **17-03-2022 - ൽ മറുപടിയ്ക്ക്**

**കശുവണ്ടി വ്യവസായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ലോക്ക് ഡൌൺ മൂലം പ്രവർത്തനം നിലച്ച പോയ കശുവണ്ടി ഫാക്ടറികളുടെ സാമ്പത്തിക തകർച്ച പരിഹരിക്കാനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ.? | (എ) | സംസ്ഥാനത്തെ സ്വകാര്യ കശുവണ്ടി വ്യവസായ മേഖല അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ടി മേഖലയെ പുനരുജ്ജീവിപ്പി ക്കുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കാൻ മുൻ സർക്കാർ തീരുമാനിച്ചിരുന്നു. ഇതിന്റെ ഭാഗമായി സ്വകാര്യ കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തന മൂലധനമായി ബാങ്കുകൾ നൽകുന്ന പുതിയ വായ്പയുടെ പലിശ സർക്കാർ ഏറ്റെടുക്കുമെന്നുള്ള 06.02.2019 ൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൈക്കൊണ്ട തീരുമാനത്തെ തുടർന്ന് ഇതിനായി 25 കോടി രൂപ 2019-20 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയും 304.44 ലക്ഷം രൂപ സർക്കാർ SLBC യ്ക്ക് അനുവദിക്കുകയും ചെയ്തു. സ്വകാര്യ കശുവണ്ടി മേഖലയിൽ 2019-ൽ സർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായ 'ഒറ്റത്തവണ തീർപ്പാക്കൽ' പദ്ധതി നടപ്പിലാക്കുന്നതിന് കൃത്യമായ ഫോർമുല രൂപീകരിക്കുന്നതിനും ബാങ്കിന് ശിപാർശ നൽകുന്നതിനുമായി സർക്കാർ പ്രതിനിധി, SLBC കൺവീനർ, വ്യവസായികളുടെ പ്രതിനിധി എന്നിവർ ഉൾപ്പെട്ട 'മൂന്നംഗ കമ്മിറ്റി' സർക്കാർ രൂപീകരിച്ചിരുന്നു. കശുവണ്ടി വ്യവസായികളും ബാങ്ക് പ്രതിനിധികളും തമ്മിൽ OTS സംബന്ധിച്ച് സമവായത്തിലെത്തുന്നതിനായി 30.12.2021ൽ ബഹു.വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ മൂന്നംഗ കമ്മിറ്റി യോഗം ചേരുകയും OTS സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മീറ്റിംഗ് കൈക്കൊണ്ട സുപ്രധാന തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു. 1. 31.01.2019 വരെ NPA ആയ അക്കൗണ്ടുകൾക്ക് പകരം 31.03.2020 വരെ NPA ആയ അക്കൗണ്ടുകൾ ഈ പാക്കേജിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതാണ്. 2. 2 |

കോടി വരെയുള്ള അക്കൗണ്ടുകൾക്ക് OTS തുകയുടെ 50% അംഗീകരിച്ച് OTS അനുവദിക്കുന്നതാണ്. 2 കോടി രൂപയ്ക്ക് മുകളിൽ 10 കോടി വരെയുള്ള NPA അക്കൗണ്ടുകൾക്ക് OTS തുകയുടെ 60% അംഗീകരിച്ച് OTS അനുവദിക്കുന്നതാണ്. 3. OTS സ്വീകരിക്കുന്ന അക്കൗണ്ട് ഹോൾഡർ 31.03.2022നകം ബാങ്കുമായി കരാറിൽ ഏർപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. 4. OTS സ്വീകരിച്ച് ബാധ്യത ഒഴിവാക്കുന്നതിന് OTS സ്വീകരിക്കുന്ന തീയതി മുതൽ പരമാവധി 1 വർഷം വരെ സമയം അനുവദിക്കുന്നതാണ്. 5. OTS സ്വീകരിക്കുന്നവർ OTS തുകയുടെ 10% Initial Paymentആയി ബാങ്കുകളിൽ ഒടുക്കുന്നതിന് OTS സ്വീകരിക്കുന്ന തീയതി മുതൽ 2 മാസത്തെ സമയം അനുവദിക്കുന്നതാണ്. മേൽ യോഗ തീരുമാന പ്രകാരം വ്യവസായികൾ ബാങ്കുകളുമായി കരാറിൽ ഏർപ്പെടുന്നതോടെ കോവിഡ് മൂലം അടച്ചിടൽ നേരിടേണ്ടി വന്ന ഭൂരിഭാഗം കശുവണ്ടി ഫാക്ടറികളും തുറന്ന് പ്രവർത്തിപ്പിക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ കശുവണ്ടി വ്യവസായ മേഖലയിലെ നിലവിലെ പ്രശ്നങ്ങളും പ്രതിസന്ധികളും സാധ്യതകളും വിലയിരുത്തു ന്നതിനും ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമായി 18.01.2022ൽ ബഹു.വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും കശുവണ്ടി വ്യവസായികളുമായും തൊഴിലാളി സംഘടനാ നേതാക്കളുമായും കശുവണ്ടി വികസന കോർപ്പറേഷൻ/കാപ്പക്സ്/കാഷ്യൂബോർഡ്/ കശുമാവ് കൃഷി വികസന ഏജൻസി എന്നിവയിലെ ഉന്നതാധികാരികളുമായും യോഗങ്ങൾ നടത്തി. പ്രസ്തുത മീറ്റിംഗുകളിൽ കശുവണ്ടി മേഖലയെ പുനരുദ്ധരിക്കുന്നതിന് സാധ്യമായ എല്ലാ സഹായ സഹകരണങ്ങളും സർക്കാർ ഉറപ്പ് നൽകുകയും കശുവണ്ടി വ്യവസായ മേഖലയിൽ സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കു ന്നതിനും പ്രവർത്തനങ്ങളിൽ പ്രൊഫഷണൽ സമീപനം കൊണ്ടുവരുന്നതിനും തീരുമാനമെടുത്തു. കശുവണ്ടി മേഖലയുടെ പുനരുദ്ധാരണത്തിനും സമഗ്ര വികസനത്തിനുമായി 2022-23 വർഷത്തെ സംസ്ഥാന ബജറ്റിൽ 95 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. കോവിഡ് മൂലം ജീവനോപാധികൾ നഷ്ടപ്പെട്ട ചെറുകിട, ഇടത്തരം കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തന മൂലധനവും ആധുനീകരണത്തിനുള്ള മൂലധനസഹായവും പലിശ സഹായത്തിനും ഇത്തരം

| | | | |
|---|---|---|---|
| | | | യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനുമായി 7 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കശുവണ്ടി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ബാങ്ക് ലോണുകൾക്ക് പലിശയിളവ് നൽകാനും തൊഴിൽ നൽകുന്നതിനനുസരിച്ച് മറ്റ് പ്രോത്സാഹന പദ്ധതികൾ നടപ്പാക്കാനുമായി 30 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കോവിഡാനന്തരം സ്വകാര്യ കശുവണ്ടി വ്യവസായ മേഖല പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കുന്നതിന് ഈ പദ്ധതികൾ സഹായമാകുന്നതാണ്. സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളിൽ പ്രമുഖമായ കശുവണ്ടി വ്യവസായം പതിനായിരക്കണക്കിന് തൊഴിലാളികൾക്ക് പ്രത്യേകിച്ചും സമൂഹത്തിലെ സാമൂഹികവും സാമ്പത്തികവുമായി താഴെക്കിടയിലുള്ള സ്ത്രീ തൊഴിലാളികൾക്ക് നേരിട്ട് തൊഴിൽ നൽകുന്ന മേഖലയായതിനാൽ സർക്കാർ ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സജീവമായ ഇടപെടൽ നടത്തിയിട്ടുണ്ട്. അത് തുടരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ